# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്മണ്ട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി3 /824/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്മണ്ട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി3 /824/2022 തീയ്യതി: 13/05/2022

## കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 21-04-2022 | 29-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-04-2022 | 29-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ.കെ.എം, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഷൈന.എ.കെ, അസി. ഓഡിറ്റ് ഓഫീസർ
ദിശ.ആർ.കെ,അസി. ഓഡിറ്റ് ഓഫീസർ
വിജേഷ്.കെ.കെ, ഓഡിറ്റർ
ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കുണ്ടർ ബിജു | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി.കൃഷ്ണവേണി മാണിക്കോത്ത് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സതീദേവി | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീമതി രജനി പി | സെക്രട്ടറി | 01-06-2020 | 02-02-2021 |
| ശ്രീ ജയരാജൻ പി | സെക്രട്ടറി | 03-02-2021 | 31-03-2021 |
| കെ.രാജീവൻ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ നസീർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്മിത എൻ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ദീപരവിവർമ | ഹോമിയോമെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സരിത | മെഡിക്കൽ ഓഫീസർ,കുടുംബാരോഗ്യകേന്ദ്രം | 01-04-2020 | 31-03-2021 |
| ഡോ.ജയപ്രഭ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീത | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ജയപ്രകാശ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ,പ്രദീപ്കുമാർ | വിഇഒ | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജുള പി | വി.ഇ.ഒ | 01-04-2020 | 03-11-2020 |
| ശ്രീ ലിജേഷ്‌രാജ് | വിഇഒ | 04-11-2020 | 31-03-2021 |
| ശ്രീമതി ബിന്ദു എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Vijesh K.K (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 10-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Disha R.K (Asst. Audit Officer, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 10-05-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Disha R.K (Asst. Audit Officer, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Disha R.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-4-1 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-5 |
| 8 | പദ്ധതി അവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Balakrishnan K.M (Audit Officer (HG), On 29-04-2022) | 1-7 |
| 10 | വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-8 |
| 11 | രശീതി ബുക്ക് ഉപയോഗിക്കാതെ സൂക്ഷിക്കുന്നു<br>Written By: Jisha.P (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-9 |
| 12 | ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-10 |
| 13 | പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല<br>Written By: Jisha.P (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-11 |
| 14 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-12 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: Jisha.P (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-13 |
| 16 | വനിതാ വ്യവസായ കേന്ദ്രം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-14 |

| | | |
|---|---|---|
| 17 | സി.എഫ്.എൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റിയെങ്കിലും വൈദ്യുതി ചാർജ് വർധിച്ചു<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-15 |
| 18 | അഗതിരഹിതകേരളം പദ്ധതി - അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പുരോഗതിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-16 |
| 19 | കരാർ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-17 |
| 20 | അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത, പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിക്കാത്ത പദ്ധതികൾ നടപ്പിലാക്കി-<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-18 |
| 21 | കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-19 |
| 22 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിറജിസ്റ്ററിൽ ചേർക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-20 |
| 23 | മത്സ്യോത്പാദന പദ്ധതികൾ നടപ്പാക്കിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-21 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയതിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-22 |
| 25 | തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തികളിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-23 |
| 26 | പഴയ കെട്ടിടങ്ങളിൽ നവീകരണ പ്രവൃത്തികളിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിങ്ങ് നടത്തിയതിനാൽ അധിക ചെലവ്<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-24 |
| 27 | പ്രവർത്തിയ്ക്കാത്ത തുമ്പൂർ മുഴി എയറോബിക്ക് ബിൻ സംരക്ഷിക്കുന്നതിനായി പദ്ധതി നടപ്പിലാക്കി<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പഴയ കെട്ടിടങ്ങളിൽ നവീകരണ പ്രവർത്തികളിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിങ്ങ് നടത്തിയതിനാൽ അധിക ചെലവ്<br>Written By: Shyna A.K (Asst. Audit Officer, On 29-04-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 13-05-2022) | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Jisha.P (Auditor, On 28-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-8 |
| 9 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 29-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 28-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

നന്മണ്ട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തിയ്യതിയിലെ 27/03/2020 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 08/02/2021ലെ ഭരണസമിതി തീരുമാന നമ്പർ 2/1 പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് |
|---|---|
| മുന്നിരിപ്പ് | 18669352 |
| വരവ് | 189221366 |
| ചെലവ് | 202322264 |
| നീക്കിയിരിപ്പ് | 5568454 |

ബജറ്റ് പ്രൊവിഷനിൽ നിന്നും വ്യതിചലിച്ചുള്ള വരവ് /ചെലവുകളിൽ ചില ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | വാർഷിക കണക്ക് പ്രകാരമുള്ളത് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ |
|---|---|---|---|---|
| 1 | 140 | 1215433 | 843040 | 803446 |
| 2 | 210 | 13352708.3 | 14239920 | 14212136 |
| 3 | 220 | 1063637 | 1219552 | 1189814 |
| 4 | 230 | 1270005 | 1074000 | 952574 |
| 5 | 250 | 6113825 | 6332228 | 9183590 |
| 6 | 251 | 64980326 | 57048146 | 67194304 |
| 7 | 252 | 1662591 | 10360000 | 4155046 |
| 8 | 253 | 2141762 | 1431975 | 9039625 |

എസ്റ്റിമേറ്റിലെ കൃത്യതയില്ലായ്മയാണ് ഇതിൽനിന്നും വ്യക്തമാകുന്നത് .

എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

മുൻവർഷത്തെപ്പോലെ തന്നെ ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന കാണാം. തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനം പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 115065204/- രൂപയാണ്. ഇതിൽ 32572646/- കോടി രൂപ NREGS പദ്ധതി ചെലവുകൾക്കാണ് വകയിരുത്തിയത്. ഈ തുക കുറവുവരുത്തിയാൽ 82492558/- രൂപയാണ് വാർഷിക പദ്ധതി ചെലവുകൾക്ക് വകയിരുത്തിയതെന്ന് കാണാം. എന്നാൽ സ്ഥാപനത്തിന്റെ പദ്ധതി അടങ്കൽ 112693531/- രൂപയുടേതായിരുന്നു. 3 കോടിയിലധികം രൂപയുടെ പദ്ധതികൾ ബജറ്റ് പ്രൊവിഷനില്ലാതെയാണ് അംഗീകാരം നല്കിയതെന്ന് കാണാം.

സർക്കാർ ഗ്രാന്റുകൾ-അലോട്ട്മെന്റിനേക്കാൾ കൂടിയ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചു

പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അലോട്ട് ചെയ്ത തുകയേക്കാൾ കൂടിയ തുക സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഗ്രാന്റിനങ്ങളിലുമായി ആകെ 158090345/- രൂപയാണ് സർക്കാർ അനുവദിച്ചതെങ്കിലും ബജറ്റിൽ 167483692/- രൂപ വകയിരുത്തി. സംസ്ഥാന ബജറ്റിന് ശേഷമാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയതെന്നിരിക്കെ, 93.93 ലക്ഷം രൂപ അധികമായി വകയിരുത്തിയത് എന്ത് അടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1). ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2). സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

| | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് | |
|---|---|---|---|---|---|

| | | | |
|---|---|---|---|
| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
| 31.07.2020 | 30.06.2020 | - | - |

1-2-1 വാർഷികകണക്കിലെ അപാകതകൾ

2020 – 21 വർഷത്തെ വാർഷിക കണക്ക്, എ.സി.ആർ. അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. RP-5 പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 1,67,342 രൂപ വരവുണ്ട്. വരവുകളുടെ കൃത്യത ഉറപ്പു വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(a)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 15558571/രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്

4. B-14 പ്രകാരം ക്ളോസിംഗ് സ്റ്റോക്ക് ഇനത്തിൽ 9515 രൂപ ബാലൻസുണ്ട്. ഇതിന്റെ ആധികാരിത പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

5. B4 പ്രകാരം Recoveries Payable -COVID എന്നിയിനത്തിൽ 132400/ രൂപ ബാലൻസായി അവശേഷിക്കുന്നു. മേൽ തുകഅടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

6. B-4 പ്രകാരം വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം 51,57,214- രൂപ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഇവയുടെ പദ്ധതി, വർഷം എന്നിവ തിരിച്ചുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 3 വർഷം പിന്നിട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു. ലേല ഡെപ്പോസിറ്റ് - 25.5.2006 മുതൽ 27.3.2017 വരെ 86015/ റെന്റ് ഡെപ്പോസിറ്റ് - 12.01.84 മുതൽ 27.03.2014 വരെ 210085/, അദർ ഡെപ്പോസിറ്റ് - 01.04.2015 മുതൽ 31.03.2016 വരെ 75068 / , കോൺട്രാക്ടേഴ്സ് ഇ.എം.ഡി 01.04.2015 മുതൽ 15 .2.2016 വരെ 101820/, സപ്ലയേഴ്സ് ഇ.എം.ഡി - 01.04.2015 മുതൽ 17-2-17 വരെ, 13550/, ബിഡേഴ്സ് ഇ.എം.ഡി-19.10.2016 ലെ 10000/-രൂപ, കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് 1.4.15 ലെ 5000/ രൂപ, ഡെപ്പോസിറ്റ് ഫോർ ഹാൾ, ഓഡിറ്റോറിയം 4.8.12 ലെ 1100 രൂപ

9. B 11 ഷെഡ്യൂൾ പ്രകാരം സ്ഥിരം ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ആയത് ഉറപ്പ് വരുത്തുന്നതിനുള്ള ആധികാരികമായ രേഖകൾ ലഭ്യമല്ല.

10. B4 ഷെഡ്യൂൾ പ്രകാരം വിവിധ ഫണ്ടുകളുടെ നിക്കീയിരിപ്പായി 1,44,87,929/-രൂപയുണ്ട് . എന്നാൽ (TSC, ICDS, MP FUND, JOINT VENTURE, കോർപ്പസ് ഫണ്ട് തുടങ്ങിയവ) നീക്കിബാക്കിയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള ആധികാരികമായ രേഖകൾ (എ.സി.ആർ) എഴുതി സൂക്ഷിച്ചിട്ടില്ല.

11. അനുബന്ധപത്രികകൾ (ജെ) പ്രകാരമുള്ള ഡൊപ്പോസിറ്റിന്റെ വിശദാംശങ്ങൾ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. B-18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 3000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു

13. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ്

നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലെ മേൽ അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,82,31,690 |
| വരവ് | 7,85,19,305 |
| ആകെ | 10,67,50,995 |
| ചെലവ് | 7,90,49,521 |
| നീക്കിയിരിപ്പ് | 2,77,01,474 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 13700250 | 13700250 | 13700250 | 0 | |
| വികസനഫണ്ട് (എസ്.സി.പി ) | 0 | 9212049 | 9212049 | 7640455 | 1571594 | നീക്കിയിരിപ്പ് തുക ലാപ്സായി |
| വികസനഫണ്ട് (ടി.എസ്.പി ) | 0 | 3067768 | 3067768 | 2737898 | 329870 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (റോഡ് ) | 0 | 6657000 | 6657000 | 6657000 | 6657000 | |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 4159000 | 4159000 | 4159000 | 4159000 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 13867094 | 13867094 | 8421969 | 5445125 | നീക്കിയിരിപ്പ് തുക ലാപ്സായി |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 12584107 | 12584107 | 12584107 | 0 | |
| എം.എൻ.ആർ.ജി.എ | 70355 | 1247566 | 1317921 | 1132747 | 185174 | ഭരണചെലവുകൾ |
| | --- | 38169774 | 38169774 | 38169774 | ---- | ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| പൈക്ക | 42443 | 0 | 42443 | 0 | 42443 | |
| എം.പി. ഫണ്ട് | 35083 | 1115 | 36198 | 53 | 36145 | |
| ഐ.സി.ഡി.എസ്സ് | 60806 | 1183216 | 1244022 | 699911 | 544111 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| ശുചിത്വമിഷൻ ഫണ്ട്. | 446226 | 2548238 | 2994464 | 806311 | 2188153 | |
| വിവാഹധനസഹായം | | 300000 | 300000 | 300000 | ---- | |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

1. 2020-21 വർഷത്തെ എ.സി.ആർ, ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | | | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കി ബാക്കി | വരവ് | ചെലവ് | നീക്കി ബാക്കി |
| ഡവലപ്മെന്റ് ഫണ്ട്(ജനറൽ) | 11464242 | 11464242 | 0 | 11464242 | 13700250 | -2236008 |
| എസ്സ്.സി.പി. | 9212049 | 7391710 | 1820339 | 9212049 | 7640455 | 1571594 |
| മെയിന്റൻസ് ഫണ്ട്(നോൺറോഡ്) | 4116935 | 4116935 | 0 | 4116935 | 4159000 | -42065 |

മേൽ പ്രകാരമുള്ള ഫണ്ടിനത്തിൽ ചെലവിനത്തിലും, നിക്കീബാക്കിയിലും അപാകതകൾ കാണുന്നു

2. വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ്, - മെയിന്റനൻസ് ഫണ്ട്-നോൺറോഡ്, എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 72141263 | 15377355 |
| വികസനഫണ്ട് (എസ്.സി.പി) | 51105048 | 9472928 |
| വികസനഫണ്ട് (ടി.എസ്.പി) | 10104725 | 3412925 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 15099755 | 13043755 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | 6750065 | 4880065 |

അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്

## 1-5 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ച നൽകിയിട്ടുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. മെയിന്റനൻസ് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. അഗതിരഹിത കേരളം പദ്ധതിയിൽ വീട്, വീട് റിപ്പയർ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഫിഷറീസ് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എസ്.സി.പി, ടി.എസ്.പി ഇനങ്ങളിൽ മുഴുവൻ ഫണ്ടും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 228 | 182 | 112693531 | 60713015 |

സംസ്ഥാന ബജറ്റ് പ്രകാരം നൻമണ്ട ഗ്രാമ പഞ്ചായത്തിന് ലഭിച്ച പദ്ധതിവിഹിതത്തിന്റെ വിനിയോഗ വിവരം താഴെ കൊടുത്തിരിക്കുന്നു.

| ഇനം | വരവ് | ചെലവ് | ചെലവ് % | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 13700250 | 13700250 | 100% | - |
| വികസന ഫണ്ട് (എസ്.സി.പി) | 9212049 | 7640455 | 82.94% | 1571594 |
| വികസന ഫണ്ട് (ടി.എസ്.പി) | 3067768 | 2737898 | 89.25% | 329870 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 8527094 | 6380512 | 74.83% | 2146582 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 5340000 | 2041457 | 38.23% | 3298543 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 6657000 | 6657000 | 100% | - |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 4159000 | 4159000 | 100% | - |
| ആകെ | 50663161 | 43316572 | - | 7346589 |

വികസനഫണ്ട് (ജനറൽ),മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ 100% തുക വിനിയോഗിച്ചിട്ടുണ്ട്.

എന്നാൽ എസ്.സി.പി,ടിഎസ്.പി,ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലായി 7346589 രൂപ വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഡയറി ഫാം ഇൻസ്പെക്ടർ, ഹെഡ്മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭിച്ച മുഴുവൻ പ്രൊജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. 91പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 73 പ്രൊജക്ടുകൾ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയത്. ആസൂത്രണം

നടത്തി അംഗീകാരം വാങ്ങിയ പദ്ധതികൾ അതാത് വർഷം തന്നെ വിനിയോഗിക്കുന്നുവെന്നും ഫണ്ട് നഷ്ടപ്പെടുന്നില്ലയെന്നും ഉറപ്പാക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. മെയിന്റനൻസ് ഫണ്ട് ഉൾപ്പടെ വിവിധ ഫണ്ടുകൾ ഇതിനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നതെന്ന് കാണാം. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.4.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9266/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-8 വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2020-21 ലെ വസ്തു നികുതി കണക്കാക്കിയതുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധിച്ചതിൽ നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

A) ശ്രീ. ബഷീർ, പുതുക്കുടിക്കുന്നുമ്മൽ എന്നവരുടെ BL.No.159/2014-15 Dtd 26-11-2015 നമ്പർ പെർമിറ്റ് പ്രകാരം നിലവിലെ വാണിജ്യ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന് (9/579മുതൽ 9/591 വരെയും,9/593A നമ്പർ മുറിയും) മുകളിലായി നിർമ്മിച്ച ഭാഗത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി ലഭിച്ച 06/11/2020 ലെ A5/5708/20ാം നമ്പർ അപേക്ഷ പ്രകാരം കെട്ടിടത്തിന് 2020-21 രണ്ടാം അർദ്ധ വർഷം മുതൽ 9/593D,EF,G,H,J,K,L എന്നിങ്ങനെ കെട്ടിട നമ്പർ നൽകി നികുതി ഈടാക്കി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

1) കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ എക്സിസ്റ്റിങ്ങ് വിസ്തൃതി ആയി കാണിച്ചിരിക്കുന്നത് 459.62 $M^2$ ആണ്. എന്നാൽ എക്സിസ്റ്റിങ്ങ് കെട്ടിടങ്ങളുടെ സഞ്ചയയിലെ ബേസ് ഡാറ്റ പരിശോധിച്ചതിൽ നിലവിലുള്ള (9/579 മുതൽ 9/591 വരെയും, 9/593A നമ്പർ മുറിയും) കെട്ടിടങ്ങൾക്ക് ആകെ 315.5 $M^2$ വിസ്തീർണ്ണമാണ് ഉള്ളത്. ഇത് പ്രകാരം 144.12 $M^2$ നിലവിലുള്ള കെട്ടിടത്തിൽ അധിക നിർമ്മാണം നടത്തിയതായി കാണുന്നു. എന്നാൽ ഇത് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോഴോ കെട്ടിട നമ്പർ അനുവദിക്കുമ്പോഴോ പരിശോധിക്കപ്പെട്ടിട്ടില്ല. വസ്തുനികുതി കണക്കാക്കുന്നതിൽ വ്യത്യാസം വന്ന 144.12 $M^2$ ഉൾപ്പെട്ടിട്ടില്ല.

2) വസ്തുനികുതി പരിഷ്കരണത്തിന് മുൻപ് നിലവിലുള്ള കെട്ടിടത്തിന് ഘടനാപരമായ മാറ്റം വന്നാൽ കെട്ടിടത്തിന്റെ വസ്തുനികുതി പുതിയ കെട്ടിടത്തിന്റെ എന്നപോലെ പരിഷ്കരിക്കേണ്ടതാണ്. എന്നാൽ എക്സിസ്റ്റിങ്ങ് കെട്ടിടത്തിന് വസ്തുനികുതി പരിഷ്കരണം വരുത്തിയിട്ടില്ല. സഞ്ചയ പ്രകാരം എക്സിസ്റ്റിംങ്ങ് ആയ 9/579മുതൽ 9/591 വരെയുള്ളതും, 9/593A നമ്പർ മുറിയും, 2017 ൽ നമ്പർ നൽകിയ 9/593 B,C

എന്നീ മുറികളും 100$m^2$ ൽ കുറവുള്ള വാണിജ്യ കെട്ടിടമായാണ് വസ്തുനികുതി കണക്കാക്കി വരുന്നത് (ച.മീറ്ററിന് 35/- രൂപ നിരക്കിൽ). എന്നാൽ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പൂർത്തീകരിച്ച ഭാഗത്തിന് ച.മീറ്ററിന് വാണിജ്യാവശ്യത്തിനുള്ള 200ച.മീറ്ററിൽ അധികമുള്ള കെട്ടിടത്തിന്റെ നികുതി നിരക്കായ ച.മീറ്ററിന് 80/-രൂപ നിരക്കിലാണ് ഈടാക്കിവരുന്നത്. യഥാർത്ഥത്തിൽ 2017ൽ എക്സിസ്റ്റിങ്ങ് കെട്ടിടത്തിൽ 9/593 B,C എന്നീ മുറികൾ കൂട്ടിച്ചേർത്തപ്പോൾതന്നെ ഘടനാപരമായ മാറ്റം വന്നതായി കണക്കാക്കി എക്സിസ്റ്റിങ്ങ് കെട്ടിടത്തിന് വസ്തുനികുതി പരിഷ്കരിക്കേണ്ടതായിരുന്നു. എന്നാൽ ഇത് ചെയ്തില്ല.

3) ഓഡിറ്റ് പരിശോധനയ്ക്കായി തന്ന കംപ്ലീഷൻ ഫയലിൽ സൈറ്റ് പ്ലാൻ, പാർക്കിങ്ങ് പ്ലാൻ, ഏരിയ കാൽക്കുലേഷൻ റിപ്പോർട്ട്, ലോഡിങ്ങ് അൺലോഡിങ്ങ് ഏരിയ എന്നിവ ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് ആകെ 878.97 $M^2$ പ്ലിന്ത് ഏരിയും 703.16 $M^2$ കാർപ്പെറ്റ് ഏരിയയുമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, 38 ൽ 2 (6) പ്രകാരം കെട്ടിടത്തിന് 10 കാർ പാർക്കിങ്ങ് ആവശ്യമാണ്. എന്നാൽ പെർമിറ്റ് ഫയലിലെ പാർക്കിങ്ങ് പ്ലാനിൽ ആകെ 6 കാർ പാർക്കിങ്ങാണ് കാണിച്ചിരിക്കുന്നത്. കൂടാതെ 700 $M^2$ ൽ അധികമുള്ള തറ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് 30 $M^2$ ലോഡിങ്ങ് അൺലോഡിങ്ങ് ഏരിയ ആവശ്യമാണ്. ഇത് ലഭ്യമാക്കിയ പ്ലാനിൽ കാണിച്ചിട്ടില്ല.

കെട്ടിടത്തിന്റെ കംപ്ലീഷൻ പരിശോധിക്കുമ്പോൾ എൽ.എസ്.ജിഡി.വിഭാഗം മേൽ അപാകതകൾ പരിശോധിക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. കൂടാതെ കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കുമ്പോൾ ഖണ്ഡികയിൽ പരാമർശിച്ച അപാകതൾ ഉത്തരവാദപ്പെട്ട സെക്ഷൻ ക്ലാർക്കോ സൂപ്പർവിഷൻ ചാർജ്ജുള്ള ഹെഡ് ക്ലർക്കോ, സെക്രട്ടറിയോ പരിശോധിക്കപ്പെടാഞ്ഞതും ഓഡിറ്റ് ഗൗരവമായി കാണുന്നു.

കെട്ടിടത്തിന്റെ വസ്തുനികുതി ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് 2017 മുതൽ പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിന് ലഭ്യമാക്കാത്തതായി പരാമർശിച്ച കാർപാർക്കിങ്ങ്, ലോഡിങ്ങ് അൺലോഡിങ്ങ്, ഏരിയ കാൽക്കുലേഷൻ എന്നിവ ലഭ്യമാക്കി സ്ഥല പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കാണ്ടതാണ്.

B) സെക്രട്ടറി, നൻമിണ്ട കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് എന്നവരുടെ 14-07-2020ലെ എ5-3601/20 നമ്പർ കംപ്ലീഷൻ പ്ലാൻ പരിശോധിച്ച് കെട്ടിടത്തിന് 8/561 A മുതൽ N വരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ എക്സിസ്റ്റിങ്ങ് ഏരിയയായി കംപ്ലീഷൽ പ്ലാനിൽ കൊടുത്തിരിക്കുന്നത് 410.24 $M^2$ ആണ്. എന്നാൽ എക്സിസ്റ്റിങ്ങ് കെട്ടിടത്തിന്റെ (8/561) സഞ്ചയയിലെ അടിസ്ഥാന വിവരങ്ങളുടെ പരിശോധനയിൽ കെട്ടിടം ആകെ ഗ്രൗണ്ട് ഫ്ലോറും ഫസ്റ്റ് ഫ്ലോറുമായി ആകെ 350 $M^2$ നാണ് നികുതി കണക്കാക്കിയിരിക്കുന്നത്. കൂടാതെ പ്രാഥമിക മേഖലയിലും 200 $M^2$ ൽ അധികരിക്കുന്നതുമായ പ്രസ്തുത ഷോപ്പിങ്ങ് കോംപ്ലക്സിന് 100ച.മീറ്ററിൽ കുറവുള്ള വാണിജ്യകെട്ടിടത്തിന്റെ കുറഞ്ഞ നിരക്കായ ച.മീറ്ററിന് 35/- രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്. കൂടാതെ കെട്ടിടത്തിന്റെ മേൽക്കൂര 70% കോൺക്രീറ്റും 30% ഷീറ്റുമാണ് എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ എക്സിസ്റ്റിങ്ങ് കെട്ടിടം മുഴവൻ കോൺക്രീറ്റ് ആണ്. കെട്ടിടത്തിന് വസ്തുനികുതി കണക്കാക്കിയപ്പോൾ ഘടനാപരമായി മാറ്റം വന്ന എക്സിസ്റ്റിംഗ് കെട്ടിടത്തിന്റെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. കൂടാതെ എക്സിസ്റ്റിംഗ് ഏരിയയിൽ 60.24 $M^2$ അധിക നിർമ്മാണം നടത്തിയിട്ടുണ്ട്. ഇതിന് ക്രമവൽക്കരണ ഫീ ഈടാക്കി ക്രമവൽക്കരിച്ചിട്ടില്ല. കെട്ടിടത്തിന്റെ എക്സിസ്റ്റിംഗ് ഏരിയയുടെ വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശിക തുക ഈടാക്കി വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

C) ചുവടെ കൊടുത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കണക്കാക്കിയപ്പോൾ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നൽകിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | അപാകത |
|---|---|---|
| 1 | 6/75A മുതൽ D വരെ | ഈ ഇൻ്റസ്റ്റിയൽ കെട്ടിടം ആകെ 562.38 $M^2$ ഉണ്ട്. കെട്ടിടത്തിലേക്ക് 5 Mtrൽ അധികം വീതിയിൽ പ്ലാൻ പ്രകാരം റോഡ് ഉണ്ട്. എന്നാൽ വസ്തു നികുതി കണക്കാക്കിയപ്പോൾ വഴിയുടെ 20% വർദ്ധന വരുത്തിയില്ല. |
| 2 | 8/340A,B,C,D | ആകെ 122.9 $M^2$ ഉള്ള കെട്ടിടത്തിലെ 8/340 D നമ്പർ മുറിയ്ക്ക് (50.46m2) 100m2ൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിൻ്റെ കുറഞ്ഞ നിരക്കായ ച.മീ ന് 35/-രൂപ പ്രകാരമാണ് വസ്തുനികുതി കണക്കാക്കിയത് . യഥാർത്ഥത്തിൽ ച.മീ ന് 50/-രൂപ നിരക്കിൽ നികുതി കണക്കാക്കേണ്ടതായിരുന്നു. കൂടാതെ ഈ മുറിയ്ക്ക് 5mtrൽ അധികം വീതിയുള്ള വഴിയുടെ അടിസ്ഥാനത്തിലുള്ള 20%വർദ്ധനവും വരുത്തിയിട്ടില്ല. |
| 3 | 13/140 A,B | ആകെ 88.99 $M^2$ ഉള്ള വാണിജ്യ കെട്ടിടത്തിന് 6mtr വഴിയുണ്ടായിരിക്കെ 20% വർദ്ധനവ് നികുതി കണക്കാക്കുന്നതിൽ വരുത്തിയിട്ടില്ല. |
| 4 | 8/441N,P,Q,R,S,T | 2015-16ൽ നമ്പറിട്ട 8/441 N നമ്പർ മുറി പാർട്ടീഷ്യൻ ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഇത് പ്രകാരം മുറി പാർട്ടീഷ്യൻ ചെയ്ത് 8/441 N, P, Q, R, S, T എന്നീ നമ്പറുകൾ നൽകി 2020-21മുതൽ നികുതി ഈടാക്കിയിട്ടുണ്ട്. ഏന്നാൽ പാർട്ടീഷ്യനായി തന്ന മേൽ മുറി ഉൾപ്പെടുന്ന കെട്ടിടത്തിൻ്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം മൊത്തം കെട്ടിടം (8/441 Aമുതൽ S വരെ) 584.10 $M^2$ ആണുള്ളത്. എന്നാൽ സഞ്ചയയിലെ ബേസ് ഡാറ്റ പരിശോധിച്ചതിൽ നിന്നും മൊത്തം കെട്ടിടത്തിന് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത് 569.36 $M^2$ ന് ആണ്. ഇത് പ്രകാരം നികുതി കണക്കാക്കിയതിൽ 15.15 $M^2$ ൻ്റെ കുറവുണ്ടായതായി കാണുന്നു. കൂടാതെ 8/441A മുതൽ L വരെയുള്ള മുറികൾക്ക് നികുതി കണക്കാക്കിയിരിക്കുന്നത് (249.49 $M^2$ന്) 100 $M^2$ ൽ താഴെയുള്ള വാണിജ്യകെട്ടിടത്തിൻ്റെ നികുതി നിരക്കായ 35/-എന്ന കുറഞ്ഞ നിരക്കാണ്. |

ഖണ്ഡികയിൽ പരാമർശിച്ച മുഴുവൻ അപാകതകളും പരിഹരിച്ച് കുടിശ്ശിക നികുതി കണക്കാക്കേണ്ടതും ഇത് ഈടാക്കി വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും മേൽ അപാകതകൾ മൂലം നികുതി നഷ്ടം ഭാവിയിൽ ഉണ്ടാവാതിരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-9 രശീതി ബുക്ക് ഉപയോഗിക്കാതെ സൂക്ഷിക്കുന്നു

നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ രശീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2020-21 വർഷം കൃഷി ഓഫീസറുടെ പേരിൽ 60631,60632,60633 എന്നീ നമ്പർ പ്രകാരമുള്ള രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. തുടർന്ന് 2021-22 വർഷം 1933, 1934, 1935, 1936, 1945, 1946, 9888, 9889 എന്നീ രശീതി ബുക്കുകൾ നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ആദ്യം വിതരണം ചെയ്ത 60632,0633 നമ്പർ രശീതി ബുക്കുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചതായും പിന്നീട് ലഭിച്ച രശീതി ബുക്കുകൾ ഉപയോഗിച്ചതായും കണ്ടു.

രശീതി ബുക്കുകൾ ആവശ്യത്തിന് മാത്രം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യേണ്ടതും അത് ക്രമ പ്രകാരം തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. രശീതി ബുക്കുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുടർവർഷത്തിൽ (2022-23) ടി. നമ്പർ രശീതി ബുക്കുകൾ ജനകീയാസൂത്രണം ഗുണഭോക്തൃവിഹിതം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-10 ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻ എഞ്ചിനീയർ
പ്രോജക്ട് - 246/21
ചെലവ് തുക - 524534 (ശുചിത്വ ഫണ്ട്)
ചെക്ക് നമ്പർ തിയ്യതി -24165/30.3.202

പാതയോരത്ത് പൊതു ശുചിമുറിയും വിശ്രമകേന്ദ്രവും സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ഡെപ്പോസിറ്റ് പ്രവൃത്തിയായി ജലസേചന വകുപ്പ് വഴി പ്രവൃത്തി നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 30.3.21 ന് തുക കേരള ഗ്രാമീണബാങ്കിലെ 40642101052189 നമ്പർ അക്കൗണ്ടിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ചെക്ക് അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1 ) 29.12.2021 ൽ K Y I P ഡിവിഷൻ പേരാമ്പ്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനിയർ നൻമണ്ട ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്കയച്ച കത്തിൽ 524534 രൂപ ഡെപ്പോസ്റ്റ് ഹെഡിൽ ക്രെഡിറ്റായിട്ടില്ല എന്നും തുക ക്രെഡിറ്റാക്കി ഒറിജിനൽ ചലാൻ ഹാജരാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്നുമറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ 30.3.21 ന് അനുവദിച്ച ചെക്ക് പ്രകാരമുള്ള തുക കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്നത് 05.08.21 -ൽ മാത്രമാണ് . 17.8.21 ന് തുക ട്രാൻസ്ഫർ ചെയ്തതിന്റെ SBI യുടെ പേ സ്ലിപ്പും, 31.8.21 തിയ്യതിയിലെ ട്രഷറി ചലാനും ഫയലിൽ കാണുന്നുണ്ട്. പണമിടപാടുകളിലെ അവ്യക്തതയും ചെലവ് തുക എവിടെ എന്നത് സംബന്ധിച്ചും തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2) ജലസേചന വകുപ്പ് തയ്യാറാക്കിയ 690000 രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 524534 രൂപ കഴിച്ചുള്ള 165466 രൂപ 2021-22 വർഷത്തിൽ 161/22 നമ്പർ പദ്ധതി പ്രകാരം ഈ പദ്ധതി നടത്തിപ്പിനായി ജലസേചന വകുപ്പിന് നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി തുക ചെലവഴിച്ച് ഒരു വർഷം

കഴിഞ്ഞിട്ടും ജല സേചന വകുപ്പിൽ നിന്ന് ഈ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരവും ഫൈനൽ ബില്ലും ലഭ്യമാക്കിയിട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.

3) പദ്ധതി നടത്തിപ്പിനായി തുക കൈമാറുമ്പോൾ ജലസേചന വകുപ്പുമായി കരാറിൽ ഏർപ്പെട്ടിരിക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

4) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ശുചിമുറി നിർമ്മിക്കുന്നത് ജലസേചന വകുപ്പിന്റെ സ്ഥലത്താണ്. ആയതിനുള്ള ജലസേചന വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല.

6) സ.ഉ. (കൈ)39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ത.സ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ശുചിത്വമിഷനിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും കർശന നിർദ്ദേശങ്ങൾ ഉണ്ടായിട്ടും ഗ്രാമ പഞ്ചായത്തിന്റെ വീഴ്ച മൂലം പദ്ധതി നടപ്പിലായില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം. 1 /20 -21 തിയ്യതി 23.4.22) പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-11 പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല

A4-1524/22/15.3.22 ഫയൽ പ്രകാരം 2015 ഏപ്രിൽ മുതൽ വിധവപെൻഷൻ കൈപ്പറ്റി വരുന്ന നളിനി, പെൻഷൻ ഐ.ഡി.നമ്പർ 110430600206 (വെള്ളച്ചാലിൽ- വാർഡ് 14) എന്ന ഗുണഭോക്താവ് ഏകദേശം ഒരു വർഷമായി ഹഡ്കോ എന്ന സ്ഥാപനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ലഭിച്ചിട്ടും വിധവാ പെൻഷൻ കൈപ്പറ്റി വരുന്നു. ജോലി ലഭിച്ച തിയ്യതി മുതൽ അനുവദിച്ച തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് 18.3.22 ന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് ശ്രീമതി.നളിനി 30.3.22 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ ഈ ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്യുകയോ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

A4-109/22/5.1.22 ഫയൽ പ്രകാരം അവിവാഹിത പെൻഷൻ ഗുണഭോക്താവായിരുന്ന തങ്കമണി (പെൻഷൻ ഐ.ഡി.നമ്പർ 110430500133) 2020 ജൂലൈ 19 ന് മരണപ്പെട്ട വിവരം 5.1.22 ന് മാത്രമാണ് പഞ്ചായത്തിൽ ലഭ്യമായതും റദ്ദ് ചെയ്തതും. എന്നാൽ 2020 ആഗസ്റ്റ് മാസം മുതൽ 2022 ഡിസംബർ മാസം വരെയുള്ള പെൻഷൻ തുക പിൻവലിക്കുകയും അനർഹമായി കൈപ്പറ്റിയ തുക 30.3.22 ന് തിരിച്ചടയ്ക്കുകയുമാണുണ്ടായത്.

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഇല്ല. ഇത്തരത്തിൽ പെൻഷൻ ലഭിച്ചവരുടെ അർഹത പുന:പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ശ്രീമതി.നളിനി എന്നവരുടെ അപേക്ഷയിൽ ക്ഷേമകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ തീരുമാനം കൂടി ആവശ്യമുള്ളതിനാൽ 29.4.22 ൽ ചേരുന്ന യോഗത്തിലേക്ക് മേൽ ഫയൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ടിയാളുടെ വിധവാ പെൻഷൻ ഇതിനകം തന്നെ റദ്ദ് ചെയ്യുന്നതിന് സോഫ്റ്റ് വെയറിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ യഥാസമയം മരണം, പുനർവിവാഹം എന്നിവ റിപ്പോർട്ട് ചെയ്യാൻ അംഗൻവാടി വർക്കർമാർക്ക് നിർദ്ദേശം നൽകുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് 97/2020/ധന.തിയ്യതി 23.9.20 നം. ഉത്തരവിന്റെ കോപ്പി സഹിതം കത്ത് നൽകുകയും ആശാവർക്കർമാർക്ക് നിർദ്ദേശം നൽകുന്നതിന് മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) ക്ക് 29.4.2022 തിയ്യതി കത്ത് നൽകുകയും ആയതിന്റെ പകർപ്പ്

ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ,അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്ന സംഗതിയിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്തെഴുതാനും തീരുമാനിച്ചിട്ടുണ്ട് എന്നും മേൽ പരാമർശിച്ച സംഗതിയിൽ അറിവ് ലഭിക്കുന്ന സമയത്ത് തന്നെ പെൻഷൻ റദ്ദ് ചെയ്യുന്ന നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

നന്മണ്ട ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ യുടെ താഴെ പറയുന്ന പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം . 66 /20-21. ലൈഫ് ഭവനപദ്ധതി (ജനറൽ)

അടങ്കൽ- 4633604 (വി.ഫണ്ട്. ജനറൽ, 1633604),(2000000 ജില്ലാപഞ്ചായത്ത്),(1000000 ബ്ളോക്ക് പഞ്ചായത്ത്)

ചെലവ് തുക- 15700000

നന്മണ്ട ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ ലൈഫ് ഭവനപദ്ധതി പ്രൊജക്ടിന്റെ നം 66 ന്റെ ഭാഗമായി പഞ്ചായത്തിൽ 6 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താവിന്റെ പേരും കൈപറ്റിയ തുകയും ചുവടെ ചേർക്കുന്നു

| പേര് | കൈപറ്റിയതുക |
|---|---|
| 1. സരോജിനിഅമ്മ | 300000/25-8-20 |
| 2.ഇമ്പിച്ചി ആയിശ | 40000 /17-8-18 |

2. ലൈഫ് ഭവനപദ്ധതി ( 70) (പട്ടികവർഗ്ഗം)

അടങ്കൽ - 5588400 (വി.ഫണ്ട്. ടി.എസ്സ്.പി 58840) ,2000000 (സംസ്ഥാന ആവിഷ്കൃത ഫണ്ട്) (2000000 ജില്ലാപഞ്ചായത്ത്) ,( 1000000ബ്ളോക്ക് പഞ്ചായത്ത്)

ചെലവ് തുക- 2450000

21 പേർക്ക് അനുവദിച്ചു, 10 പേർ നിർമ്മാണം പൂർത്തീകരിച്ചില്ല.

| പേര് | കൈപ്പറ്റിയ തുക |
|---|---|
| 1.അബിലാഷ്.സി.കെ, ചീരുമ്പാം കുഴിയിൽ നൻമ്മണ്ട വാർഡ്-10 | 90000 |
| 2.ബിജു, മക്കരംചാത്തനാരി, കൊളത്തൂര വാർഡ്-1 | 420000 |
| 3.ദിവിജേഷ്,മക്കരക്കാട്ട് ചാലിൽ, നന്മണ്ട, വാർഡ്-10 | 420000 |
| 4 .ജെഷി , ഒതയോത്ത് പറമ്പത്ത്, നന്മണ്ട, വാർഡ്-10 | 90000 |

| | |
|---|---|
| 5.ജിനില, ചാലിൽ, നന്മണ്ട, വാർഡ്-3 | 180000 |
| 6.ലീല, പൂക്കുന്ന് മലയിൽ, നന്മണ്ട, വാർഡ്-15 | 210000 |
| 7. പ്രേമ, പൂളയിൽ, നന്മണ്ട, വാർഡ്-3 | 210000 |
| 8.രാജൻ, ഈറേടത്ത് മീത്തൽ,നന്മണ്ട, വാർഡ് -10 | 290000 |
| 9. സരിൻ,കിഴക്കേ കൊള്ളാടി മലയിൽ, നന്മണ്ട, വാർഡ് -15 | 90000 |
| 10. സിമിജ, വെള്ളച്ചാലിൽ പുറായിൽ, നന്മണ്ട, വാർഡ് -14 | 210000 |

3.ലൈഫ് ഭവനപദ്ധതി ( 76) (പട്ടികജാതി)

അടങ്കൽ - 6408927(വി.ഫണ്ട്. എസ്സ്.സി.പി 1408927) ,2000000 (സംസ്ഥാന ആവിഷ്കൃത ഫണ്ട്) (2000000 ജില്ലാപഞ്ചായത്ത്) ,( 1000000ബ്ളോക്ക് പഞ്ചായത്ത്)

ചെലവ്തുക- 1648927

25 പേർക്ക് അനുവദിച്ചു, 4പേർ നിർമ്മാണം പൂർത്തീകരിച്ചില്ല.

| പേര് | കൈപറ്റിയ തുക |
|---|---|
| 1. ബാലൻ,സുബിതാലയം, ചീക്കിലോട് , വാർഡ് നം. 16 | 200000 |
| 2. ജാനകി, പൊയിലിൽ, നന്മണ്ട, വാർഡ് നം. 6 | 40000 |
| 3.രമ,കരിവീട്ടിൽ,നന്മണ്ട, വാർഡ് നം.4 | 200000 |
| 4.ജിനി സതീശൻ,അറവക്കാട്ടിൽ, തലക്കുളത്തൂർ, വാർഡ് നം. 6 | 300000 |

ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-13 ക്ഷേമ പദ്ധതികൾ

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 11299000 | 708 |
| വിധവാ പെൻഷൻ | 14410000 | 997 |
| വാർദ്ധ്യക കാലപെൻഷൻ | 29271800 | 2503 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4339900 | 319 |
| 50 വയസ്സിന് മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ | 1937500 | 147 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-14 വനിതാ വ്യവസായ കേന്ദ്രം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

അസിസ്റ്റൻ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി മേഖലയിലുള്ള സാമൂഹ്യ വിഭാഗങ്ങൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി വനിതാ വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനായി താഴെ കാണിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | ആകെ ചെലവ് തുക | 20-21 വർഷത്തിൽ ചെലവഴിച്ച തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|---|
| 219/20-21-വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം | 4142082 | 2265366 | 44965 /13.03.21<br>200034 / 30.12.20 |
| 217/20-21-വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം | 1478539 | 317025 | 1944963/3.02.21 |
| 225/20-21-വനിതാ വ്യവസായ കേന്ദ്രം സംരക്ഷണഭിത്തി നിർമ്മാണം | 249926 | 237930 | 1944970/30.3.21 |
| ആകെ | 5870547 | 2820321 | |

5870547 രൂപ ചെലവഴിച്ച് മൂന്ന നിലയിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സഹായകമാകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 2020 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കെട്ടിടത്തിൽ വ്യവസായങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

2) ജലലഭ്യതയില്ലാത്ത സ്ഥലത്ത് വനിതാ വ്യവസായ കേന്ദ്രത്തിന് കെട്ടിടം നിർമ്മിച്ച

ജലലഭ്യതയില്ലാത്തതിനാലാണ് വനിതാ വ്യവസായ കേന്ദ്രത്തിൽ വ്യവസായങ്ങളൊന്നും

ആരംഭിക്കാത്തത് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ജലലഭ്യത ഇല്ലാത്ത സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പു വരുത്താതെ വൻ തുക ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്.

3) ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള പദ്ധതിയിൽ 498585 രൂപ വനിതാ വ്യവസായ കേന്ദ്രത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ടെങ്കിലും വ്യവസായ കേന്ദ്രത്തിൽ വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം. 5/20 -21 തിയ്യതി 25.4.22) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. വനിതാ വ്യവസായ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ എസ്.സി വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി വ്യവസായങ്ങൾ ആരംഭിക്കുന്നത് വരെ ഈ വർഷം പദ്ധതിയ്ക്ക് ചെലവഴിച്ച 2820321 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-15 സി.എഫ്.എൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റിയെങ്കിലും വൈദ്യുതി ചാർജ് വർധിച്ചു

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ രണ്ട് പ്രജക്ടുകൾ വഴി 359 സി.എഫ്.എൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡിയാക്കി മാറ്റിയിട്ടുണ്ട്. ഇതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 994791 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായും വൈദ്യുതിചാർജിനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായും 2018-19, 2019-20 വർഷങ്ങളിലും സമാന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2018 മുതൽ 31.03.2022 വരെ 595 സി.എഫ്.എൽ വിളക്കുകൾ എ.ഇ.ഡി വിളക്കുകളാക്കിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 1176 തെരുവ് വിളക്കുകളാണുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. 04/2020 മുതൽ 04/2022 വരെ ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് ഒടുക്കിയതിന്റെ ചെലവ് പരിശോധിച്ചതിൽ ഇക്കാലയളവിൽ വൈദ്യുതിചാർജ് വർദ്ധിച്ചതായാണ് കാണുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വൈദ്യുതി ചാർജ് ഒടുക്കിയ മാസം | തുക |
|---|---|
| 04/2020 | 14962 |
| 04/2021 | 15610 |
| 04/2022 | 30572 |

ഊർജ്ജസംരക്ഷണത്തിനും തദ്വാരാ ആവർത്തന ചെലവ് കുറയ്ക്കുന്നതിനും വൻ തുക ചെലവഴിച്ചിട്ടും ആവർത്തനച്ചെലവിൽ കുറവ് വരാത്തത് പരിശോധിക്കേണ്ടതാണ്.

## 1-16 അഗതിരഹിതകേരളം പദ്ധതി - അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പുരോഗതിയില്ല

09.03.2019ൽ നിലവിൽ വന്ന 20651670 രൂപ അടങ്കലുള്ള പഞ്ചായത്തിന്റെ അഗതിരഹിതകേരളം പദ്ധതിയിൽ ആകെ 155 ഗുണഭോക്താക്കളാണുള്ളത്. പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാന അടിസ്ഥാന പാക്കേജുകളുടെയും അവ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെയും വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| പാക്കേജിലെ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയത് |
|---|---|---|
| വീട് | 23 | 14 |
| വീട് റിപ്പയർ | 25 | 9 |

ഗ്രാമപഞ്ചായത്തിലെ അഗതിരഹത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഓരോ വർഷത്തിലും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ ആദ്യ ഗുണഭോക്താക്കളായി പരിഗണിക്കേണ്ടത് അഗതി പദ്ധതിയിലെ ഗുണഭോക്താക്കളെയാണ്. സ.ഉ(എം.എസ്)22/2018 /തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. 14.09.2018 ലെ സ.ഉ(എം.എസ്)/128/2018/തസ്വഭവ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ഭവനരഹിതർക്കും വീട് റിപ്പയർ ആവശ്യമുള്ളവർക്കും ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഭവനപദ്ധതികളിൽ മുൻഗണന നൽകി നടപ്പാക്കിയതായി കാണുന്നില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-17 കരാർ പ്രകാരം പ്രവൃത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പലപ്രവർത്തികളും കരാറുകാർ സമയ ബന്ധിതമായി പൂർത്തിയാക്കുന്നില്ല. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തതിന്ന് കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുക്കുന്നില്ല. പല പ്രവൃത്തികളിലും കരാറുകാർ പ്രവൃത്തി തുടങ്ങുന്നത് തന്നെ കരാർ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിലും പ്രവൃത്തി തുടങ്ങുന്നതിന് കാല താമസം വരുത്തുന്നുണ്ട്. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്വത്തിൽ

പ്രവൃത്തി റീ ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശങ്ങളായി ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 225/20-21 വനിതാ വ്യവസായ കേന്ദ്രം സംരക്ഷണ ഭിത്തി നിർമ്മാണം(സ്പിൽ ഓവർ) | 2265366 ( ജില്ലാ പഞ്ചായത്ത് ഫണ്ട്, ബിൽ നം.19944970/ 30.3.21) ആകെ ചെലവ് 249926 | ശ്രീ. സുരേഷ് കുമാർ.ടി.വി 46/19-20 /26.11.19 എം. ബുക്ക് 22/ 20-21 | 9മാസം 26.11.19 20.3.21 | പി. എ. സി തുക 374850 രൂപയുടെ ( 3%) 11246രൂപ |
| 2 | 219/20-21 വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം (സ്പിൽ ഓവർ) | 1766781 ( ജില്ലാ പഞ്ചായത്ത് ഫണ്ട്, ബിൽ നം.19944965/ 13.3.21) ആകെ ചെലവ് 4142082 | ശ്രീ. സുരേഷ് കുമാർ.ടി.വി 45/18-19 / 19.12.18 എം. ബുക്ക് 75,78,91,92/ 18-19,225/20-21 | 7 മാസം 19.12.18 25.10.20 | പി. എ. സി തുക 4236294 രൂപയുടെ ( 3%) 127089രൂപ |
| 3 | 216/20-21 പഞ്ചായത്ത് ഓഫീസ് നവീകരണം (സ്പിൽ ഓവർ) | 329817 ( വികസന ഫണ്ട്, ബിൽ നം.82495/14.10.19) ആകെ ചെലവ് 447758 | ശ്രീ. മൊയ്തീൻ കോയ38/17-18 /13.2.18 എം. ബുക്ക് 103/18-19,229/19-210 | 6മാസം 13.2.18 25.10.20 | പി. എ. സി തുക 471549രൂപയുടെ ( 3%) 14146രൂപ |
| 4 | 226/20-21 പഞ്ചായത്ത് ഓഫീസ് നവീകരണം (സ്പിൽ ഓവർ) | 169060 ( തനത് ഫണ്ട്, ബിൽ നം.1944967/28.3.21) ആകെ ചെലവ് 169060 | ശ്രീ. മുഹമ്മദ് കോയ 47/19-20 /26.11.19 എം. ബുക്ക് 197/19-20, | 6മാസം 2611.19 26.2.21 | പി. എ. സി തുക 200000 രൂപയുടെ ( 3%) 6000രൂപ |
| 5 | 224/20-21 എൽ.എസ്.ജി.ഡി ഓഫീസ് നവീകരണം (സ്പിൽ ഓവർ) | 428306 ( തനത് ഫണ്ട്, ബിൽ നം.1944964/19.03.21) ആകെ ചെലവ് 428306 | ശ്രീ. വിശ്വനാഥൻ 41/19-20 /29.10.19 എം. ബുക്ക് 196/19-20, | 6മാസം 29.10.19 29.8.20 | പി. എ. സി തുക 430000 രൂപയുടെ ( 3%) 12900രൂപ |
| 6 | 227/20-21 ചീക്കിലോട് ശ്മശാന | 1104914 (10000-ധനകാര്യ കമ്മീഷൻ ഫണ്ട്, | ശ്രീ. വിശ്വനാഥൻ10/19-20 /28.5.20 | 5മാസം 28.5.20 24.3.21 | പി. എ. സി തുക 1288880 രൂപയുടെ ( 3%) 38666രൂപ |

| | | | | | |
|---|---|---|---|---|---|
| | നവീകരണം (സ്പിൽ ഓവർ) | 1094914-ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) ബിൽ നം.408333/28.3.21, 414433/28.3.21 ആകെ ചെലവ് 1104914 | എം. ബുക്ക് 255.256.257/19-210 | | |
| 7 | 216/20-21 തട്ടം പുറായിൽ കുടിവെള്ള പദ്ധതി നവീകരണം (സ്പിൽ ഓവർ) | 144613 ( റോഡിതര മെയിന്റനൻസ് ഫണ്ട്, ബിൽ നം.704422/9.11.20) ആകെ ചെലവ് 144613 | ശ്രീ. മണി.ഇ 50/18-19 /11.2.19 എം. ബുക്ക് 14/20-21, | 6മാസം 11.2.19 5.10.20 | പി. എ. സി തുക 150000 രൂപയുടെ ( 3%) 4500രൂപ |
| 8 | 222/20.21 കൃഷ്ണൻ നായർ റോഡ് (സ്പിൽ ഓവർ) | 523660 ( റോഡ് മെയിന്റനൻസ്സ് ഫണ്ട്, ബിൽ നം.283620/18.3.21) ആകെ ചെലവ് 523660 | ശ്രീ. വിശ്വനാഥൻ 43/19-20 /.7.11.19 എം. ബുക്ക് 246/20-21, | 6മാസം 7.11.19 15.3.21 | പി. എ. സി തുക 523660 രൂപയുടെ ( 3%) 15710 രൂപ |
| | | | | ആകെ ഈടാക്കേണ്ടിയിരുന്ന പിഴ | 230257 |

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ. പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാർ അപേക്ഷ നൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.2.2012 തിയ്യതിയിലെ ജി.ഒ (പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവർത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല.

ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ എ. ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/2020-21 28.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത, പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിക്കാത്ത പദ്ധതികൾ നടപ്പിലാക്കി-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് 25.3.20 ന് തയ്യാറാക്കി യിട്ടുള്ള അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 231/20-21-ഒളിയിമ്മൽ കുടിവെള്ള പദ്ധതി നവീകരണം | 500000 | 500000 |
| 239/20-21- എഴുകുളം ലക്ഷം വീട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ | 175000 | 118681 |
| 242/20-21-ഉമ്പൂർ മുഴി എയറോബിക്ക് ബിൻ സംരക്ഷണം | 100000 | 100000 |
| 248/20-21നാരകശ്ശേരി തോട് നവീകരണം | 960000 | 960000 |

അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മേൽ പദ്ധതികൾ നടപ്പിലാക്കുക വഴി പദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം പാലിക്കേണ്ട നടപടി ക്രമങ്ങളൊന്നും പാലിക്കാതെ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് വിഴ്ചയാണ്. ഗ്രാമസഭകളിലെയും, വർക്കിങ്ങ് ഗ്രൂപ്പുകളിലെയും, വികസന സെമിനാറിലെയും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളായിരിക്കും അന്തിമ പദ്ധതി രേഖയുടെ ഭാഗമാക്കി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടത്. ഗ്രാമസഭയെ മറി കടന്ന് പദ്ധതികൾ നടപ്പിലാക്കുന്നത് ജനകീയാസൂത്രണത്തിന്റെ അന്തസ്സത്തയ്ക്ക് എതിരാണ്. ഗ്രാമസഭയോ വർക്കിങ്ങ് ഗ്രൂപ്പോ അംഗികരിക്കാത്ത, അന്തിമ പദ്ധതിരേഖയുടെ ഭാഗമല്ലാത്ത പദ്ധതികൾ നടപ്പിലാക്കിയിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-19 കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് .

| പദ്ധതി | ചെലവ് | റിമാർക്സ് |
|---|---|---|
| 215/21 പറമ്പിച്ചേരി കോളനി കുടിവെള്ള പദ്ധതി | 266308<br>(13650 -SCP ഫണ്ട്, ബിൽ 393609/27.3.21<br>266308- ബ്ലോക്ക് | 13.3.19 ൽ കരാർ വച്ച പദ്ധതിയ്ക്ക്(കരാറുകാരൻ ശ്രീ.മൊയ്തീൻ കോയ, കരാർ 56/18-19) സ്ഥലം ലഭ്യമാകുന്നത് 4.9.20 ന് ആണ്. സ്ഥലലഭ്യത ഉറപ്പ് വരുത്താതെയാണ് കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ ടാങ്ക്, വാട്ടർ |

| | | |
|---|---|---|
| | ഫണ്ട് 1944969/30.3.21) | കണക്ഷൻ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളത് .ആയതിനാൽ പദ്ധതി പൂർത്തീകരിക്കുന്നതിന് കാല താമസം ഉണ്ടായിട്ടുണ്ട്. 2017-18 രൂപീകരിച്ചിട്ടുള്ള ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ജനങ്ങൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാകുന്നതിന് കിണർ നിർമ്മിക്കാൻ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ അപേക്ഷ സമർപ്പിച്ചതാണ് കിണർ കുഴിച്ച് ജലലഭ്യത ഉണ്ടായാൽ മാത്രമേ ഈ പദ്ധതി ആരംഭിക്കാൻ കഴിയൂ എന്ന് വ്യക്തമാക്കുന്നുണ്ട് . കിണർ കുഴിച്ച് ജലലഭ്യത ഉറപ്പ് വരുത്തിയോ എന്നും ഉണ്ടെങ്കിൽ പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും പദ്ധതി നടത്തിപ്പ് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 239/21 എഴുകുളം ലക്ഷം വീട്കോളനി കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം | 518128(1000 -ധനകാര്യ കമ്മീഷൻ ഫണ്ട്, ബിൽ 393624 /27.3.21<br>508128- ബ്ലോക്ക് ഫണ്ട്<br>1944968/ 27.3.21) | ഈ പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് 239/20-21 ആയി 118681 രൂപ ചെലവഴിച്ച് മറ്റൊരു പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ജലലഭ്യത സംബന്ധിച്ചും, പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ പദ്ധതി നടത്തിപ്പ് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് .

## 1-20 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിരജിസ്റ്ററിൽ ചേർക്കുന്നില്ല

ഗ്രാമഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളിൽ ചിലത് പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലും റോഡുകളിലുമാണ് നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത് . എന്നാൽ അപ്രകരമല്ലാതെ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ, പേര് | ചെലവ് തുക | ബിൽ നമ്പർ /തിയ്യതി |
|---|---|---|
| 1)155/20-21 കരിയാണി മല അങ്കണവാടി നവീകരണം | 255656 | 58269/11.4.20 |
| 2) 54/20-21, വേട്ടക്കരൻ കണ്ടി കല്ലത്തറത്താഴം റോഡ് | 500000 | 49110/25.2.21 |

| | | |
|---|---|---|
| 3) 229/20-21,കുന്നമ്മൽ കുടിവെള്ള പദ്ധതി | 64267 | 17952/30.1.21 |
| ആകെ ചെലവ് | 819923 | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൻ വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്ക് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ചിട്ടുള്ള 2,33,50,801 രൂപയുടെ ചെലവ് ആസ്തി മൂല്യമായി ആസ്തി റജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും ചേർക്കപ്പെടുന്ന മൂല്യങ്ങൾ ആസ്തി റജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (.നം. 15/20 -21 തിയ്യതി 28.4.22 ) പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലത്ത് നടപ്പിലാക്കിയ പ്രവൃത്തികൾക്ക് ചെലവഴിച്ച 819923 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 മത്സ്യോത്പാദന പദ്ധതികൾ നടപ്പാക്കിയില്ല

സർക്കാർ ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുന്നതിനായി നൻമണ്ട ഗ്രാമപഞ്ചായത്ത് മത്സ്യോത്പാദന മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. 1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ തൻവർഷം 384000 രൂപ മേഖലയിൽ വകയിരുത്തിയിരുന്നെങ്കിലും തുക ചെലവഴിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ നിന്നും മേഖലയുടെ വികസന കാഴ്ചപ്പാട് രൂപീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയതിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 33/2020-21

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 305500

ചെലവ് - 218914 ( ബിൽ നം.286/24.02.2021)

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തിയ്യതി 14.2.18 ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന കോഴ്സുകളിൽ 'പഠനം നടത്തിവരുന്ന' വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 'കോഴ്സ് കാലാവധി വരെ' സ്കോളർഷിപ്പ് നൽകാവുന്നതാണ്.എന്നാൽ 24.02.2021 ന് 20000രൂപ സ്കോളർഷിപ്പ് കൈപ്പറ്റിയ ശിൽപ ശിവജി കെ.കെ എന്ന ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 23.10.2020നാണ്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പരിശോധിച്ചതിൽ 2019-20 വർഷം ഗുണഭോക്താവ് മൂന്നാം വർഷ ബി.കോം വിദ്യാർത്ഥിയാണ്.

2019-20 വർഷം കോഴ്സ് പൂർത്തിയാക്കിയതിന് ശേഷമാണ് ഗുണഭോക്താവ് സ്കോളർഷിപ്പിനുള്ള അപേക്ഷനല്കിയിട്ടുള്ളത്. അപേക്ഷകൾ ശരിയായി പരിശോധിക്കാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതാണ് മേൽപ്പറഞ്ഞ അപാകതയ്ക്ക് കാരണം. ഇത് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാനുള്ള അവസരം നഷ്ടപ്പെടുന്നതിനിടയാക്കുന്നു. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തികളിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 191/2020-21 ( 12/19-20)

അടങ്കൽ - 300000

ചെലവ് - 166026

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം 210 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് എ.എം.സി വെച്ച് 166026രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ മുഖേന കൽപ്പത്തൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. 18 സി.എഫ്.എൽ വിളക്കുകളും 192 എൽ.ഇ.ഡി വിളക്കുകളുമാണ് റിപ്പയർ ചെയ്തിരിക്കുന്നത്.

2018-19 മുതൽ തെരുവ് വിളക്കുകൾ സി.എഫ്.എൽ വിളക്കുകളാക്കി മാറ്റിയ പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇവയ്ക്ക് രണ്ട് മുതൽ മൂന്ന് വർഷം വരെ വാറന്റിയുള്ളതാണ്. മേൽപ്പറഞ്ഞവിധം റിപ്പയർ ചെയ്ത 210 വിളക്കുകൾ വാറന്റി കഴിഞ്ഞവയാണെന്ന് വ്യക്തമാക്കുന്ന രേഖകളില്ല. ഏത് വർഷം സ്ഥാപിച്ച വിളക്കുകളാണെന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വാറന്റിയുള്ള വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പണം ചെലവഴിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-24 പഴയ കെട്ടിടങ്ങളിൽ നവീകരണ പ്രവൃത്തികളിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിങ്ങ് നടത്തിയതിനാൽ അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ചില പദ്ധതികളിൽ സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി പെയിന്റിങ്ങിന് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാർക്ക് ലഭിച്ചു. കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തികൾ ഉൾപ്പെട്ട നവീകരണ പ്രവൃത്തികളിൽ ചുമരുകളുടെ പെയിന്റിംഗിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണ്. നേരത്തെ നിലവിലുണ്ടായിരുന്ന ചുമരിൽ വലിയ അളവിൽ പെയിന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ $M^2$ ന് 72.41/-രൂപയാകുമായിരുന്ന നിരക്ക്(കോസ്റ്റ് ഇൻഡക്സ് 31.06%)താരതമ്യേന കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കെട്ടിടത്തിലെയും മറ്റും ഗ്രിൽസ്, ജനൽ, ഹാന്റ് റെയിൽ, റോളിംഗ് ഷട്ടർ എന്നിവയുടെ പെയിംന്റിഗിനായി ഉൾപ്പെടുത്തിയ ഇനം 13.61.1 ആണ്. എന്നാൽ മേൽ ഇനത്തിന്റെ വിവരണത്തിൽ പുതിയ നിർമ്മിതിയ്ക്ക് മുകളിൽ ചെയ്യേണ്ട പെയിംന്റിംഗ് പ്രവൃത്തിയാണിത്. DAR ലെ അദ്ധ്യായം 14ൽ ഐറ്റം 14.54.1ആണ് പഴയ നിർമ്മിതിയ്ക്ക് മുകളിലെ പെയിന്റിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കേണ്ടത്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ 67.23/-രൂപയാകുമായിരുന്ന നിരക്ക് (കോസ്റ്റ് ഇൻഡക്സ് 31.06%) പ്രസ്തുത ഐറ്റം ഉൾപ്പെടുത്താത്തതിനാൽ അധികച്ചെലവുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | പ്രവർത്തി ഇനം | അനുവദിച്ച തുക | അനുവദി ക്കേണ്ട തുക | അധിക ചെലവ് | ബിൽ നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1) 128/20-21 ആയുർവ്വേദ ആശുപത്രി നവീകരണം. കരാറുകാരൻ- ശ്രീ.വിശ്വനാഥൻ | 13.60.1 (1) എം.ബുക്ക് 195/19-20 | 652.655 M2 X110.68 =72236 | 652.655 M2x 72.41 =47259 | 72236-47259 =24977 | 899705/6.1.21 |
| 2) 128/20-21 ആയുർവ്വേദ ആശുപത്രി നവീകരണം. കരാറുകാരൻ- ശ്രീ.വിശ്വ നാഥൻ | 13.61.1 (2) എം.ബുക്ക് 195/19-20 | 80.604 M2 X102.75 =8282 | 80.604M2x 67.23 =5419 | 8282-5419 =2863 | 899705/6.1.21 |
| 3) 129/20-21 ഹോമിയോ ആശുപത്രി നവീകരണം. കരാറുകാരൻ-ശ്രീ.റിത്തു | 13.61.1 (2) എം.ബുക്ക് 225/19-20 | 120.19 M2 X102.75 =12350 | 120.19 M2x 67.23 =8080 | 12350-8080 =4270 | 335685/10.7.20 |

| | | | | | |
|---|---|---|---|---|---|
| 4) 107/20-21 പരലാട് അങ്കണവാടി നവീകരണം. കരാറുകാരൻ-ശ്രീ.വിശ്വനാഥൻ | 13.60.1 (1) എം.ബുക്ക് 194/19-20 | 124.79 M2 X110.68 =13812 | 124.79 M2x 72.41 =9036 | 13812-9036 =4776 | 592564/7.10.20 |
| 5) 107/20-21 പരലാട് അങ്കണവാടി നവീകരണം. കരാറുകാരൻ-ശ്രീ.വിശ്വനാഥൻ | 13.61.1 എം.ബുക്ക് 194/19-20 | 39.46 M2 X102.75 =4055 | 39.46 M2x 67.23 =2653 | 4055-2653 =1402 | 592564/7.10.20 |
| 6) 227/20-21 സ്മശാന നവീകരണം. കരാറുകാരൻ -ശ്രീ.വിശ്വനാഥൻ | 13.60.1 എം.ബുക്ക് 255,256,257/19-20 | 674.688 M2 X110.68 =74674 | 674.688 M2x 72.41 =48854 | 74674-48854 =25820 | 414433/28.3.21 |
| 7)227/20-21 സ്മശാന നവീകരണം. കരാറുകാരൻ -ശ്രീ.വിശ്വനാഥൻ | 13.61.1 എം.ബുക്ക് 255,256,257/19-20 | 38.117 M2 X102.75 =3917 | 38.117 M2x 67.23 =2563 | 3917-2563 =1354 | 414433/28.3.21 |
| 8) 108/20-21 ക്ലളിപ്പൊയിൽ അങ്കണവാടി നവീകരണം.-കരാറുകാരൻ-ശ്രീ.വിശ്വനാഥൻ | 13.60.1 (1) എം.ബുക്ക് 205/19-20 | 97.65 M2 X110.68 =10808 | 97.65 M2x 72.41 =7071 | 10808-7071 =3737 | 388475/3.8.20 |
| 9) 108/20-21 ക്ലളിപ്പൊയിൽ അങ്കണവാടി നവീകരണം. കരാറുകാരൻ -ശ്രീ.വിശ്വനാഥൻ | 13.61.1 എം.ബുക്ക് 205/19-20 | 29.24 M2 X102.75 =3004 | 29.24 M2x 67.23 =1966 | 3004-1966 =1038 | 388475/3.8.20 |
| 10) 110/20-21 അക്ഷയ അങ്കണവാടി നവീകരണം. കരാറുകാരൻ-ശ്രീ.വിശ്വനാഥൻ | 13.60.1 എം.ബുക്ക് 237/19-20 | 56.121 M2 X110.68 =6211 | 56.121 M2x 72.41 =4064 | 6211-4064 =2147 | 162001/26.2.21 |
| 11) 110/20-21 അക്ഷയ അങ്കണവാടി നവീകരണം.കരാറുകാരൻ ശ്രീ.വിശ്വനാഥൻ | 13.61.1 എം.ബുക്ക് 237/19-20 | 39.675 M2 X102.75 =4077 | 39.675 M2x 67.23 =2667 | 4077-2667 =1410 | 162001/26.2.21 |
| | | | അധികം ചെലവഴിച്ച തുക | 73794 | |

മുകളിൽ വിവരിച്ച രീതിയിൽ റിപ്പയർ വർക്കുകൾക്ക് പുതിയ നിർമ്മിതിയുടെ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം. 14 /20 -21 തിയ്യതി 28.4.22) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ ഇനം പ്രവർത്തി എസ്റ്റിമേറ്റി ൽ ഉൾപ്പെടുത്തി അധിക ചെലവ് വരുത്തി വച്ചതിനാൽ അധികം ചെലവഴിച്ച 73794 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

1-25 പ്രവർത്തിയ്ക്കാത്ത തുമ്പൂർ മുഴി എയറോബിക്ക് ബിൻ സംരക്ഷിക്കുന്നതിനായി പദ്ധതി നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - 242/21 തുമ്പൂർ മുഴി എയറോബിക്ക് ബിൻ സംരക്ഷണം

ചെലവ് തുക - 100000(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെക്ക് നമ്പർ തിയ്യതി -17945/30.1.2021

കരാറുകാരൻ - ശ്രീ. വിശ്വനാഥൻ

കരാർ - 50/20-21/ 29.9.20

ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന എയറോബിക്ക് ബിൻ സംരക്ഷിക്കാൻ അതിനു ചുറ്റും അരച്ചുമർകെട്ടി ഗ്രിൽ നിർമ്മിക്കുന്നതിനായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയ സ്ഥലത്ത് 23.04.22 ന് സന്ദർശനം നടത്തിയപ്പോൾ തുമ്പൂർ മൂഴി എയറോബിക് ബിന്നുകൾ പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലായിരുന്നു. പൂട്ടിയിട്ട മുറിയിൽ ഉള്ള എയോബിക്ക് ബിന്നുകൾ പൊട്ടി പൊളിഞ്ഞു കിടക്കുന്ന അവസ്ഥയിലാണ് ഉള്ളത്. അവയ്ക്കുമുകളിൽ പ്ലാസ്റ്റിക്ക് ചാക്കുകൾ കൂട്ടിയിട്ടിരിക്കുന്നു. മുറിയ്ക്ക് പുറത്ത് ഗ്രാമ പഞ്ചായത്തിന്റെ എം. സി. എഫ് എന്നാണ് ബോർഡ് വച്ചിട്ടുള്ളത്.

പ്രസ്തുത റൂമിനുള്ളിൽ പൊളിഞ്ഞു കിടക്കുന്ന എയറേബിക്ക് ബിന്നുകൾ ഏതു വർഷത്തെ പദ്ധതിയിൽ രൂപീകരിച്ചതാണെന്നും പ്രവർത്തിയ്ക്കാത്ത തുമ്പൂർ മുഴി എയറേബിക്ക് ബിൻ സംരക്ഷണത്തിന് പദ്ധതി നടപ്പിലാക്കിയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. കൂടാതെ അജൈവ മാലിന്യ ശേഖരണത്തിനായി കെട്ടിടം നിർമ്മിക്കാൻ 2500000 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടും (240/20-21) അത് നടപ്പിലാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം. 4/20 -21 തിയ്യതി 25.4.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പഴയ കെട്ടിടങ്ങളിൽ നവീകരണ പ്രവർത്തികളിൽ പുതിയ നിർമ്മിതിയ്ക്കുള്ള ഇനം ഉൾപ്പെടുത്തി പെയിന്റിങ്ങ് നടത്തിയതിനാൽ അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ചില പദ്ധതികളിൽ സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി പെയിന്റിങ്ങിന് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി

ചെലവഴിച്ചതിനാൽ അധിക തുക കരാറുകാർക്ക് ലഭിച്ചു. കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തികൾ ഉൾപ്പെട്ട നവീകരണ പ്രവൃത്തികളിൽ ചുമരുകളുടെ പെയിന്റിംഗിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിംന്റ് ചെയ്യുന്നതിനുള്ളതാണ്. നേരത്തെ നിലവിലുണ്ടായിരുന്ന ചുമരിൽ വലിയ അളവിൽ പെയിംന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിംന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ $M^2$ ന് 72.41/- രൂപയാകുമായിരുന്ന നിരക്ക്(കോസ്റ്റ് ഇൻഡക്സ് 31.06%)താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കെട്ടിടത്തിലെയും മറ്റും ഗ്രിൽസ്, ജനൽ, ഹാന്റ് റെയിൽ, റോളിംഗ് ഷട്ടർ എന്നിവയുടെ പെയിംന്റിഗിനായി ഉൾപ്പെടുത്തിയ ഇനം 13.61.1 ആണ്. എന്നാൽ മേൽ ഇനത്തിന്റെ വിവരണത്തിൽ പുതിയ നിർമ്മിതിയ്ക്ക് മുകളിൽ ചെയ്യേണ്ട പെയിംന്റിംഗ് പ്രവൃത്തിയാണിത്. DAR ലെ അദ്ധ്യായം 14ൽ ഐറ്റം 14.54.1ആണ് പഴയ നിർമ്മിതിയ്ക്ക് മുകളിലെ പെയിന്റിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കേണ്ടത്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ 67.23/-രൂപയാകുമായിരുന്ന നിരക്ക് (കോസ്റ്റ് ഇൻഡക്സ് 31.06%) പ്രസ്തുത ഐറ്റം ഉൾപ്പെടുത്താത്തതിനാൽ അധികച്ചെലവുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | പ്രവർത്തി ഇനം | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധിക ചെലവ് | ബിൽ നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1) 128/20-21 ആയുർവ്വേദ ആശുപത്രി നവീകരണം. കരാറുകാരൻ- ശ്രീ.വിശ്വനാഥൻ | 13.60.1 (1) എം.ബുക്ക് 195/19-20 | 652.655 M2 X110.68 =72236 | 652.655 M2x 72.41 =47259 | 72236-47259 =24977 | 899705/6.1.21 |
| 2) 128/20-21 ആയുർവ്വേദ ആശുപത്രി നവീകരണം. കരാറുകാരൻ- ശ്രീ.വിശ്വനാഥൻ | 13.61.1 (2) എം.ബുക്ക് 195/19-20 | 80.604 M2 X102.75 =8282 | 80.604M2x 67.23 =5419 | 8282-5419 =2863 | 899705/6.1.21 |
| 3) 129/20-21 ഹോമിയോ ആശുപത്രി നവീകരണം. കരാറുകാരൻ-ശ്രീ.റിത്തു | 13.61.1 (2) എം.ബുക്ക് 225/19-20 | 120.19 M2 X102.75 =12350 | 120.19 M2x 67.23 =8080 | 12350-8080 =4270 | 335685/10.7.20 |
| 4) 107/20-21 പരലാട് അങ്കണവാടി നവീകരണം. കരാറുകാരൻ- ശ്രീ.വിശ്വനാഥൻ | 13.60.1 (1) എം.ബുക്ക് 194/19-20 | 124.79 M2 X110.68 =13812 | 124.79 M2x 72.41 =9036 | 13812-9036 =4776 | 592564/7.10.20 |
| 5) 107/20-21 പരലാട് അങ്കണവാടി നവീകരണം. കരാറുകാരൻ- ശ്രീ.വിശ്വനാഥൻ | 13.61.1 എം.ബുക്ക് 194/19-20 | 39.46 M2 X102.75 =4055 | 39.46 M2x 67.23 =2653 | 4055-2653 =1402 | 592564/7.10.20 |
| 6) 227/20-21 സ്മശാന നവീകരണം. കരാറുകാരൻ -ശ്രീ.വിശ്വനാഥൻ | 13.60.1 എം.ബുക്ക് 255,256,257/19-20 | 674.688 M2 X110.68 =74674 | 674.688 M2x 72.41 =48854 | 74674-48854 =25820 | 414433/28.3.21 |
| 7)227/20-21 സ്മശാന നവീകരണം. കരാറുകാരൻ | 13.61.1 എം.ബുക്ക് 255,256,257/19-20 | 38.117 M2 X102.75 =3917 | 38.117 M2x 67.23 =2563 | 3917-2563 =1354 | 414433/28.3.21 |

| | | | | | |
|---|---|---|---|---|---|
| -ശ്രീ.വിശ്വനാഥൻ | | | | | |
| 8) 108/20-21 കുളിപ്പൊയിൽ അങ്കണവാടി നവീകരണം.- കരാറുകാരൻ- ശ്രീ.വിശ്വനാഥൻ | 13.60.1 (1) എം.ബുക്ക് 205/19-20 | 97.65 M2 X110.68 =10808 | 97.65 M2x 72.41 =7071 | 10808-7071 =3737 | 388475/3.8.20 |
| 9) 108/20-21 കുളിപ്പൊയിൽ അങ്കണവാടി നവീകരണം. കരാറുകാരൻ -ശ്രീ.വിശ്വനാഥൻ | 13.61.1 എം.ബുക്ക് 205/19-20 | 29.24 M2 X102.75 =3004 | 29.24 M2x 67.23 =1966 | 3004-1966 =1038 | 388475/3.8.20 |
| 10) 110/20-21 അക്ഷയ അങ്കണവാടി നവീകരണം. കരാറുകാരൻ- ശ്രീ.വിശ്വനാഥൻ | 13.60.1 എം.ബുക്ക് 237/19-20 | 56.121 M2 X110.68 =6211 | 56.121 M2x 72.41 =4064 | 6211-4064 =2147 | 162001/26.2.21 |
| 11) 110/20-21 അക്ഷയ അങ്കണവാടി നവീകരണം.കരാറുകാരൻ ശ്രീ.വിശ്വനാഥൻ | 13.61.1 എം.ബുക്ക് 237/19-20 | 39.675 M2 X102.75 =4077 | 39.675 M2x 67.23 =2667 | 4077-2667 =1410 | 162001/26.2.21 |
| | | | അധികം ചെലവഴിച്ച തുക | 73794 | |

മുകളിൽ വിവരിച്ച രീതിയിൽ റിപ്പയർ വർക്കുകൾക്ക് പുതിയ നിർമ്മിതിയുടെ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം. 14 /20 -21 തിയ്യതി 28.4.22) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ ഇനം പ്രവർത്തി എസ്റ്റിമേറ്റി ൽ ഉൾപ്പെടുത്തി അധിക ചെലവ് വരുത്തി വച്ചതിനാൽ അധികം ചെലവഴിച്ച 73794 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല | 2020-21 | 210000 | നെൽകൃഷി വികസനം | 210000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| പഞ്ചായത്ത് | | 24000 | സമഗ്ര പച്ചക്കറികൃഷി വികസനം | 24000 | 0 |
| | | 33600 | സുഫലം ഫലവൃക്ഷത്തൈ വിതരണം ജനറൽ വനിത | 33600 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അനുബന്ധ ആനുകൂല്യങ്ങളും നല്കൽ | 200000 | 0 |
| | | 1330000 | ലൈഫ് ഭവന പദ്ധതി -ജനറൽ | 1330000 | 0 |
| | | 1501600 | ലൈഫ് ഭവന പദ്ധതി പദ്ധതി -എസ് ടി | 1501600 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 60000 | ക്ഷീരഗ്രാമം പദ്ധതി-വനിത | 60000 | 0 |
| ആകെ | | 3459200 | | 3459200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 175000 | നെൽകൃഷി വികസനം | 175000 | 0 |
| | | 20000 | സമഗ്ര പച്ചക്കറികൃഷി വികസനം | 20000 | 0 |
| | | 499634 | അനുപൂരക പോഷകാഹാര വിതരണ പരിപാടി | 499634 | 0 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അനുബന്ധ ആനുകൂല്യങ്ങളും നല്കൽ | 400000 | 0 |
| | | 360000 | ലൈഫ് ഭവന പദ്ധതി പദ്ധതി -എസ് ടി | 360000 | |
| | | 80000 | ലൈഫ് ഭവന പദ്ധതി പദ്ധതി -എസ് സി | 80000 | 0 |
| | | 562420 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 562420 | |
| | | 1094914 | ചീക്കിലോട് ശ്മശാനം നവീകരണം | 1094914 | 0 |
| ആകെ | | 3191968 | | 3191968 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നംമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ നിർമ്മാണം | 22001284 | 100000 | 47505 | 0 |
| കെ.എസ്.ഇ.ബി | എഴുകുളം ലക്ഷംവീട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റെൻഷൻ | 22001341 | 25000 | 25000 | 0 |
| ഇറിഗേഷൻ | ടേക്ക് എ ബ്രേക്ക് | 22001176 | 524534 | 0 | 524534 |
| മൈനർ ഇറിഗേഷൻ | നാരകശ്ശേരി തോട് നവീകരണം | 2017075201 5201414447 | 960000 | 960000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) | സ.ഉ (എം.എസ്) 68/ത. സ്വ.ഭ.വ 18/05/2018 | 2020-21 | 0 | 15929912 | 1360745 | 0 | 14569167 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 875594 |
| തൻവർഷം നിക്ഷേപിച്ച തുക | 65670 |
| ആകെ | 941264 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 941264 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ബാങ്കിന്റെ പേര് | സ്ഥിരനിക്ഷേപ നമ്പർ /തിയ്യതി | നിക്ഷേപത്തിന്റെ കാലാവധി | തുക |
|---|---|---|---|
| കെ.ഡി.സി ബാങ്ക് ബാലുശ്ശേരി | 015504/23.09.2020 | ഒരു വർഷം | 941264 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2018-19 | 1-9 | 200 | കൃഷി ഓഫീസർ | 12012010714 30.7.21 |
| 2018-19 | 1-17 | 2884 | അസി.എഞ്ചിനീയർ | 19843572202IM, |

| | | | | 27.2.21 |
|---|---|---|---|---|

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 30 | 2003-04 | 11.13.7.20 (പൊതുമരാമർശം) | നികുതി പിരിവിൽ അലംഭാവം |
| 2002-03 | 2-2 | 2006-07 | 3.79.2.3 (പൊതുമരാമർശം) | കെട്ടിടവാടക കുടിശ്ശിക |
| 2002-03 | 3-2 | 2006-07 | 3.79.13.4 (പൊതുമരാമർശം) | ഫർണിച്ചർ സിംഗിൾ ക്വട്ടേഷനിൽ വാങ്ങി |
| 2002-03 | 3-5 | 2006-07 | 3.79.16.6 (പൊതുമരാമർശം) | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ |
| 2002-03 | 3-7 | 2006-07 | 3.79.17.3 (പൊതുമരാമർശം) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി കോളനി റോഡ് പ്രവൃത്തി |
| 2002-03 | 3-10 | 2006-07 | 3.79.18.10 (പൊതുമരാമർശം) | കുടിവെള്ള പ്രവർത്തികൾ പൂർത്തിയാക്കിയില്ല. |
| 2015-16 | 4-26 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം |
| 2015-16 | 3.7.13 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു |
| 2015-16 | 4.2.2 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് |

## 4-9 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78519305 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79049521 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 73794 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4264778 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 73794 | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 524534 | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |
| 1-14 | 2820321 | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |
| 1-20 | 819923 | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |

| | | |
|---|---|---|
| 1-25 | 100000 | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സ്മിത.എൻ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നന്മണ്ട ഗ്രാമപഞ്ചായത്ത് | നീലാംകുഴി താഴം പാവങ്ങാട്, പുതിയങ്ങാടി കോഴിക്കോട്,673021 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി(പി12)848/19 /30.11.2019 | 3 | 30 എ, 27,29 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി (പി2)1519/09(13)/05.04.2011 | 1 | 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി (പി12)848(1)/19/30.11.2019 | 10 | 2-2, 2-3, 3-2. 3-5. 3-6(2),3-7,3-11, 3-12, 3-13, 3-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി (പി12)848(2)/19/30.11.2019 | 7 | 2-2,2-3, 3-3, 3-4, 3-5, 3-6, 3-7 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി(പി12) 848(3)/19/30.11.2019 | 4 | 2-3,3-2,3-3,3-8 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി(പി12) 1534/19/30.11.2019 | 5 | 2-3,2-4,3-3, 3-5, 3-6, 4-6, 4-9 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡി(പി12<br>1535/19/30.11.2019 | 4 | 3-3, 3-4, 3-9,<br>4-7 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>1536/19/30.11.2019 | 6 | 3-7, 3-8, 3-16,<br>3-19(1,4), 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>1537/19/30.11.2019 | 6 | 3-2, 3-13, 3-14,<br>3-15, 3-22, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>1537/19/30.11.2019 | 15 | 1-2, 2-1, 3-2, 3-6,<br>3-7, 3-8, 3-9, 3-12,<br>3-13, 3-14, 3-15,<br>3-16, 3-17, 3-18, 3-20 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>2123/17/05.04.2018 | 12 | 1-3, 1-4(1,2,3),<br>2-2, 3-1, 3-4, 3-5, 3-7,<br>3-8, 3-12, 3-13,<br>3-14,(2), 3-17 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>2121/17/05.04.2018 | 11 | 1-5, 2-2,3-1(1,2,3,4),<br>3-2(5), 3-4, 3-6, 3-7,<br>3-8, 3-9, 3-12,3-15 |
| 2012-13<br>&<br>2013-14 | കെ.എസ്.എ.കെ.കെ.ഡി.<br>(പി 12)/2122/17/16.04.2018 | 15 | 1-10, 3-2, 3-5, 3-6,<br>3-9,<br>3-10, 3-11,<br>3-12, 3-14, 3-15, 3-16,<br>3-19,<br>3-22, 3-23, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.<br>(പി 12)/2199/17/28.03.2018 | 12 | 2-1, 2-2, 2-3, 3-2, 3-3,<br>3-5, 3-6, 3-7,<br>3-9, 3-11, 3-13, 3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി<br>(പി12)/1017/17/ 08.12.2017 | 8 | 2-1, 2-2, 2-3, 3-5, 3-6,<br>3-7, 3-18, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി<br>.(പി12)/2125/17/ 22.03.2018 | 23 | 2-1, 2-3, 2-4, 2-7, 2-8,<br>2-9, 3-1, 3-2, 3-3,<br>3-4, 3-5,3-6, 3-7, 3-8,<br>3-9, 3-10, 3-11, 3-12,<br>3-13,<br>3-14,3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി<br>.(പി12)/2761/18/ 09.05.2019 | 19 | 2-3,2-4,2-6,3-3,3-4,<br>3-4(2),3-4(3),3-4(4),<br>3-4(5),3-4(6),3-4(7),<br>3-4(9),<br>3-5,3-7,3-8,3-10,3-11(1),<br>3-11(2),3-11(4),3-12 |
| 2018 -<br>19 | കെ.എസ്.എ.കെ.കെ.ഡി.<br>(പി3)/392/21/ 01.03.2021 | 31 | 1-1,1-2,1-3,1-5മുതൽ<br>1-26വരെയും |

| | | | |
|---|---|---|---|
| | | | 3-1,4-10,4-11 |
| 2019 - 20 | കെ.എസ്.എ.കെ.കെ.ഡി. (പി 5)/1549/21/ 23.11.2021 | 43 | 1-1 മുതൽ 1-37 വരെ, 3-1,3-2,3-3,3-4,3-5,3-6 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്